# EVANS U P S PARASSALA

# ACADEMIC

# MASTER PLAN

# 2025-2026

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ഇവാൻസ് .യു.പി സ്കൂൾ |
| സ്കൂളിന്റെ വിലാസം | : ഇവാൻസ് .യു.പി സ്കൂൾ പാറശ്ശാല പി . ഒ |
| ഫോൺ നമ്പർ | : 0471-2204425 |
| സ്കൂൾ കോഡ് | : 44555 |
| വിദ്യാഭ്യാസ ഉപജില്ല | : പാറശ്ശാല |
| വിദ്യാഭ്യാസ ജില്ല | : നെയ്യാറ്റിൻകര |
| റവന്യൂ ജില്ല | : തിരുവനന്തപുരം |
| ബി. ആർ. സി | : പാറശ്ശാല |
| സി . ആർ. സി | : കൊടവിളാകം |
| ലോകസഭാമണ്ഡലം | : തിരുവനന്തപുരം |
| നിയമസഭാമണ്ഡലം | : പാറശ്ശാല |
| വാർഡ് | : 14 |
| ഗ്രാമപഞ്ചായത്ത് | : പാറശ്ശാല |
| ബ്ലോക്ക് പഞ്ചായത്ത് | : പാറശ്ശാല |
| ജില്ലാപഞ്ചായത്ത് | : തിരുവനന്തപുരം |
| താലൂക്ക് | : നെയ്യാറ്റിൻകര |
| വില്ലേജ് | : പാറശ്ശാല |
| സ്കൂൾ വിഭാഗം | : പൊതുവിദ്യാലയം |
| സ്കൂൾ ഭരണവിഭാഗം | : എയ്ഡഡ് |
| പഠന വിഭാഗങ്ങൾ | : യു. പി |
| മാധ്യമം | : മലയാളം , ഇംഗ്ലീഷ് |
| ഇ. മെയിൽ | : evansupspsla@gmail.com |

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
4. നിലവിലെ അവസ്ഥ വിശകലനം
5. മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ വിഷയാടിസ്ഥാനത്തിൽ
6. ഉപസംഹാരം

# <u>ആമുഖം</u>

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഗ്രാമ പഞ്ചായത്തിലാണ് നമ്മുടെ വിദ്യാലയം സ്ഥിതി ചെയ്യുന്നത് . പാറശ്ശാല ഉപജില്ലയിലെ ഈ സ്ഥാപനം 1922-ൽ സ്ഥാപിതമായി. യു.പിഎസ്,ഹൈസ്കൂൾ ,ടി.ടി.ഐ എന്നിവ അന്ന്നിലവിലുണ്ടായിരുന്നു . ഇത് സ്ഥാപിച്ചത് തിരുവിതാംകൂറിലെ മാർത്താണ്ഡം സ്വദേശിയായ ശ്രീ .എസ്.പി ജേക്കബ് ആയിരുന്നു . 1922-മുതൽ ശ്രീ . എസ് . പി ജേക്കബ് ആയിരുന്നു സ്കൂൾ മാനേജർ .അദ്ദേഹത്തിൻെറ മരണശേഷം മകനായ ശ്രീ സാംഇവാൻസ് മാനേജരായി 28വർഷം പ്രവർത്തിച്ചു.അതിനുശേഷം അദ്ദേഹത്തിൻെറ മകൻ ശ്രീ ഇവാൻസ് നല്ലതമ്പി അവർകൾ മാനേജരായി സേവനമനുഷ്ഠിച്ചു . അദ്ദേഹത്തിൻെറ മരണശേഷം ഭാര്യയായ ശ്രീമതി പോൾരതി നല്ലതമ്പി മാനേജരായി ഇപ്പോഴും സേവനം തുടരുന്നു .

ഇപ്പോഴത്തെ പ്രഥമ അധ്യാപികയായ ശ്രീമതി. സിസിലറ്റ്ടീച്ചർ ഉൾപ്പെടെ 16 അധ്യാപകരും ഒരു അനധ്യാപകനും ഇവിടെ സേവനം അനുഷ്ഠിക്കുന്നു .

# ലക്ഷ്യങ്ങൾ

- മത നിരപേക്ഷത , ജനാതിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൌജന്യമായി വിദ്യാഭ്യാസം സമസ്ത വിഭാഗത്തിനും ഉറപ്പാക്കുക .
- അധ്യാപനവും അധ്യായനവും രസകരമാക്കുന്നതിനുതകുന്ന വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ .
- പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തന കലണ്ടർ രൂപപ്പെടുത്തൽ .
- അക്കാദമിക് മികവിനായി പഠന പിന്നോക്കത്തിലായിരിക്കുന്ന കുട്ടികളെ മെച്ചപ്പെടുത്തൽ .

## <u>പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ</u>

- **എസ്. ആർ . ജി . യോഗത്തിൽ എന്ന പദ്ധതി അവതരിപ്പിക്കലും ചർച്ചയും .**
- **സബ്ജക്ട് കൺവീനർമാരെ ചുമതല ഏൽപ്പിക്കൽ .**
- **ക്ലാസ്സിൽ റീ  ടെസ്റ്റ് നടത്തി പഠനപിന്നോക്ക വിദ്യാർഥികളെ കണ്ടെത്തി ലിസ്റ്റാക്കൽ .**
- **പഠന പ്രവർത്തന പാക്കേജ് തയ്യാറാക്കൽ .**
- **പദ്ധതി നടപ്പാക്കൽ** .

# നിലവിലെ അവസ്ഥ വിശകലനം

വിവിധ മത്സരപരീക്ഷകളിൽ കുട്ടികളുടെ മികവ് ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട് . ഭാഷാവിഷയങ്ങളിൽ വായന യിലും എഴുത്തിലും ധാരാളം കുട്ടികൾ പിന്നോക്ക അവസ്ഥയിലാ ണെന്ന് മനസിലാക്കാൻ സാധിച്ചു . എല്ലാ വിദ്യാർഥികളെയും മികവിൻെം പാതയിലെത്തിക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾ ആവശ്യമാണെന്ന വിലയിരുത്തലിൽ പുതിയ പഠന പ്രവർത്തന പാക്കേജുകൾ വിഷയാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്ത്നടപ്പി ലാക്കുന്നു . എല്ലാ അധ്യാപകരും പഠനപിന്നോക്ക വിദ്യാർഥി കളും ഇതിൽ പങ്കാളികളാകുന്നു.

# പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **I)മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്കാരത്തിന് വിരാമം** | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം,സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ,ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| **എൻ്റെഅവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ,കവിത,യാത്രാനുഭവം,അനുഭവ കുറിപ്പ്)അവതരിപ്പിക്കുന്നു . | ജൂൺ മാസം | മലയാളം അധ്യാപകർ | |
| **ഭാക്ഷാകേളി :** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു . | ജൂൺ മാസം | | |
| **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം . | ജൂൺ മാസം | | |
| **വാർത്താലോകത്തേക്ക് :** പത്രം,ആഴ്ചപ്പതിപ്പ്,മാസികകൾ എന്നിവ പഠിത്താക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു . | എല്ലാദിവസവും | | |

# മേഖല യു.പി.മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന :**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു.ക്ലാസ്സ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്സ് ,സ്കൂൾ ,ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു . | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുകവഴിപഠിത്താക്കളുടെ സർഗ്ഗശേഷി വളർത്തൽ . | **സംവാദം / മുഖാമുഖം:**<br>സാഹിത്യകാരന്മാർ ,എഴുത്തുകാർ ,കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗാത്മകശേഷി വളർത്തലും . | **ഇ-കമ്പ്യൂട്ടറിംഗ്:**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ചെയ്യുന്നു . | രണ്ട് വർഷം | മലയാളം,ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിത്താക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു . | വർഷാവസാനം | മലയാളം അധ്യാപകർ | |

| മേഖല യു.പി.മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 5) പഠിത്താക്കളുടെ കലാ വാസനകളെ പരിപോക്ഷിപ്പിക്കൽ . | **രംഗാവിഷ്കാരം:**<br><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ,ലഘു നാടകങ്ങൾ തുടങ്ങയിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നല്കുന്നു . വിദഗ്ദരായ നാടക കലാകാരന്മാരേയും മറ്റ് കലാകാരന്മാരേയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പ്പശാലകൾ നടത്തുന്നു . | അക്കാദമിക് വർഷം | പി.ടി.എ,സ്കൂൾ | പി.ടി.എ |
| 6)കുട്ടികളുടെ ആകാശവാണി സെൻറ് മേരീസ് എഫ്.എം. അവതരണ മികവ് | **സെൻറ് മേരീസ് എഫ്.എം:**<br>വിശേഷ ദിനങ്ങളും ദിനാചാരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു . ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു . സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു . | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്,പിന്നീട്എല്ലാദിവസവും | ക്ലാസ്സ് ലീഡർമാർ, സ്കൂൾ ലീഡർ , മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

# മേഖല യു.പി.ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 )ഇംഗ്ലീഷ് ഉച്ചാരണം ശെരിയായി ശ്രവിക്കുന്നതിന് . | **പ്രവർത്തനം -1**<br>**(Lend your ear)**<br>ശെരിയായ ഉച്ചാരണത്തോടുകൂടിയ വിവിധ **audio/video** കൾ പ്രദർശിപ്പിക്കുന്നു . വ്യക്തമായി ശ്രവിച്ചതിനുശേഷം അവയെ അതേ രീതിയിൽ പറയാൻ അവസരമൊരുക്കുന്നു .<br>[std : VA1,A2, A3] | July | | |
| 2) ഉച്ചാരണ ശുദ്ധിയോടെ ഇംഗ്ലീഷ് സംസാരിക്കുന്നതിന് . | **പ്രവർത്തനം-2**<br>**[ Follow me if you can ! ]**<br>അധ്യാപകർ ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാൻ പരിശീലിപ്പിക്കുന്നു .<br>[std : VIA1, A2 , A3] | July | | |
| 3) തന്റെ കഴിവുകൾ ഇംഗ്ലീഷ് ഭാഷയിൽ അവതരിപ്പിക്കുന്നതിന് | **പ്രവർത്തനം - 3**<br>**[ English Radio ]**<br>ഇംഗ്ലീഷിൽ വിവിധ പരിപാടികളോടെ FM **Radio.[News reading,skit,conversation,recitation,article reading, storytelling, etc ]**<br>Std - VII A1,A2,A3,A4 | | | |

| | | | | |
|---|---|---|---|---|
| | **പ്രവർത്തനം -4**<br>**'Lend your ear' എന്ന പ്രവർത്തനം** Std VII A1,A2,A3,A4 എന്നി ക്ലാസ്സുകൾക്ക് നല്കുന്നു<br><br>**പ്രവർത്തനം-5**<br>**' Follow me if you can ' എന്ന പ്രവർത്തനം** Std V A1,A2,A3,A4എന്നി ക്ലാസ്സുകൾക്ക് നല്കുന്നു<br><br>**പ്രവർത്തനം - 6**<br>' English Radio_'**എന്ന പ്രവർത്തനം Std** VIA1,A2,A3 A4 എന്നി ക്ലാസ്സുകൾക്ക് നല്കുന്നു | August<br><br>August<br><br>August | | |
| | **പ്രവർത്തനം -7**<br>**'Lend your ear' എന്ന പ്രവർത്തനം** Std VI A1,A2,A3 എന്നി ക്ലാസ്സുകൾ നിർവ്വഹിക്കുന്നു .<br><br>**പ്രവർത്തനം-8**<br>' Follow me if you can ' **എന്ന പ്രവർത്തനം** Std VII A1,A2,A3,A4എന്നി ക്ലാസ്സുകൾ ചെയ്യുന്നു .<br><br>**പ്രവർത്തനം - 9**<br>' English Radio_'**എന്ന പ്രവർത്തനം Std** VA1,A2,A3 A4 എന്നി ക്ലാസ്സുകൾ ചെയ്യുന്നു . | September<br><br>September<br><br>September | | |
| | **പ്രവർത്തനം - 10**<br>**'Lend your ear'**<br>**Std** VA1,A2,A3<br><br>**പ്രവർത്തനം - 11**<br>' Follow me if you can '<br>Std VII A1,A2,A3,A4 | October<br><br>October | | |

| | | | | |
|---|---|---|---|---|
| | **പ്രവർത്തനം - 12**<br>' English Radio_'<br>**Std** VA1,A2,A3 A4<br><br>**പ്രവർത്തനം - 13**<br>'**Lend your ear'**<br>**Std** VI A1,A2,A3,A4<br><br>**പ്രവർത്തനം - 14**<br>' Follow me if you can !'<br>Std V A1,A2,A3,A4<br><br>**പ്രവർത്തനം - 15**<br>' English Radio_'<br>**Std** VI A1,A2,A3 | October<br><br>November<br><br>November<br><br>December | | |
| | **പ്രവർത്തനം - 16**<br>'**Lend your ear'**<br>**Std** VI A1,A2,A3<br><br>**പ്രവർത്തനം - 17**<br>' Follow me if you can '<br>Std VII A1,A2,A3,A4<br><br>**പ്രവർത്തനം - 18**<br>' English Radio_'<br>**Std** V A1,A2,A3,A4 | January<br><br>January<br><br>January | | |

| | | | | |
|---|---|---|---|---|
| | **പ്രവർത്തനം - 19**<br>**‘Lend your ear’**<br>**Std** VII A1,A2,A3,A4<br><br>**പ്രവർത്തനം - 20**<br>‘ Follow me if you can ‘<br>Std V A1,A2,A3,A4<br><br>**പ്രവർത്തനം - 21**<br>‘ English Radio_‘<br>**Std** VI A1,A2,A3 | February<br><br>February<br><br><br>February | | |

| മേഖല : അക്കാദമികം ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ്സ് തലം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ്സ് | ചുമതല |
| എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ . CWSN,SLOW LEARNERS കുട്ടികൾക്ക് വേണ്ട പിന്തുണ ഉറപ്പാക്കൽ . | 1)കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു | ജൂൺ ആദ്യ വാരം | 5,6,7 | ഹിന്ദി അധ്യാപകർ |
| | 2)കുട്ടികൾക്ക് പുത്തൻ ഉണർവ്വ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ , പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു . CWSN, SLOW LEARNERS കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തന പാക്കേജ് . | ജൂൺ രണ്ടാം വാരം | 5,6,7 | ഹിന്ദി,അധ്യാപകർ, മറ്റു ഭാഷാധ്യാപകർ |
| | 3)ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക ,ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക ,ഹിന്ദിയിൽ എണ്ണം ,ആഴ്ച ,മാസം ,എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ |
| | 4) CWSN, SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ , ഐസിടി മുഖാന്തിരം പല വർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം . | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ |

| | | | | |
|---|---|---|---|---|
| | 5)ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ,ജീവനികൾ,ആത്മകഥകൾ,കവിതകൾ, കഥകൾ,എന്നിവ വായിപ്പിക്കുക . | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ |
| | 6)ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക,ഹിന്ദി അസ്സംബ്ലി നടത്തുക . | ദിനാചരണവുമായി ബന്ധപ്പെട്ട് | 5,6,7 | ഹിന്ദി അധ്യാപകർ |
| | 7)കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക . | ജനുവരി | 5,6,7 | ഹിന്ദി അധ്യാപകർ |
| | 8) പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക,ഹിന്ദിയിൽ സംസാരിക്കാൻ പ്രേരിപ്പിക്കുക. | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ |
| | 9)ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെൻററി ,സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ |
| | 10)കുട്ടികൾക്ക് മനസികോല്ലാസം നിലനിർത്തിക്കൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തന പാക്കേജുകൾ | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ, ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ |

| മേഖല : അക്കാദമികം | ഉപമേഖല : സംസ്കൃതം ഭാഷ ക്ലാസ്സ് തലം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൌതീകം | ചുമതല |
| 1) ഇന്ത്യയിലെ ഔദ്യോഗിഗാ ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>UP യിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | **ഭാഷാജ്ഞാനം**<br>❖ അക്ഷരം എഴുത്ത്<br>❖ ചിഹ്നം ഉറപ്പിക്കൽ<br>❖ അക്ഷര കാർഡ്<br>❖ ക്ലാസ്സിക്കൽ അക്ഷരമാലാ പ്രദർശനം<br>❖ അക്ഷരമാലാ കളികൾ<br>❖ അക്ഷരമരം നിർമ്മിക്കൽ<br>❖ കാർട്ടൂൺ പ്രദർശനം<br>❖ പാട്ടുകളും കഥകളും കേൾപ്പിക്കുക<br>❖<br>**പറയാം പഠിക്കാം**<br>❖ ചിത്രങ്ങളുടെ പേര് പറയൽ<br>❖ ചിത്ര കഥകൾ<br>❖ ലഘു സംഭാഷണങ്ങൾ,നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ<br>ആഗസ്റ്റ്<br><br>ജൂൺ<br>ജൂലൈ | അക്ഷര ചാർട്ട്, **പാഠപുസ്തകം ,** ICT<br><br>സംസ്കൃത കഥാപുസ്തകം ICT | PTA<br>റിസോഴ്സ് അധ്യാപിക<br><br>റിസോഴ്സ് അധ്യാപിക |
| 2) വീട് ഒരു പരീക്ഷണശാല ( കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക ) | ❖ വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുന്നു .<br>❖ ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം . | സെപ്റ്റംബർ<br>ഒക്ടോബർ | സംസ്കൃതം നിഘണ്ടു | |

| | | | | |
|---|---|---|---|---|
| 3) വയനാലോകം<br>(കുട്ടികളെ വായനയുടെ ലോകത്തേയ്ക്ക് കൊണ്ടുവരിക ) | ❖ തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക .<br>❖ ഓരോ സംസ്കൃത പീരീഡിലും ആദ്യത്തെ അഞ്ച് മിനിട്ടിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻെം പേര് ഉറക്കെ വായിക്കുക .<br>❖ വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക<br>❖ കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക . | 6 മാസം | ക്ലാസ്സ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |
| 4) കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംകൃത ഭാഷാപഠന **നേട്ടങ്ങൾ** | ❖ ക്ലബ്ബ് രൂപീകരണം<br>❖ **പഠനോപകരണ നിർമ്മാണം**<br>❖ **കലണ്ടർ നിർമ്മാണം**<br>❖ **ഗൃഹ സന്ദർശനം**<br>❖ **പഠനയാത്ര** | ജൂൺ മാർച്ച് | ചാർട്ട് ചിത്രം | റിസോഴ്സ് അധ്യാപിക |
| 5) മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു<br>❖ എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു<br>❖ മാതൃകാ ചോദ്യപേപ്പർ തയ്യാറാക്കുന്നു | ജൂൺ മാർച്ച് | ക്ലാസ്സ് റൂം | റിസോഴ്സ് അധ്യാപിക |
| 6) ആസ്വാദന ലോകം<br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി | ❖ നാടകം,കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നല്കുന്നു .<br>❖ എഴുതാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ<br>❖ മാസത്തിൽ ഒരു തവണ ആസ്വാദനസഭ ചേരുന്നു<br>❖ ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം | 5 മാസം | സംസ്കൃതം ക്ലാസ്സ് റൂം | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| 7)പ്രത്യേകം പരിഗണന ആർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ<br><br>8) ക്ലാസ്സ് റൂം ആകർഷകമാക്കുന്നതിന് | ❖ പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ **പഠനോപകരണങ്ങൾ നിർമ്മിക്കുന്നു**<br>❖ **പ്രത്യേക ക്ലാസുകൾ നൽകുന്നു**<br>❖ **ഗൃഹസന്ദർശനം നടത്തുന്നു**<br>❖ **പെയിൻ**റ്റിംഗ്<br>❖ ലൈബ്രറി ഒരുക്കുന്നു<br>❖ സൌകര്യപ്രദമായ ഇരിപ്പിടം | ജൂൺ മാർച്ച് | ക്ലാസ്സ് റൂം | റിസോഴ്സ് അധ്യാപിക |

## അപ്പർ പ്രൈമറി ക്ലാസുകളിലേക്കുള്ള അറബി ഭാക്ഷാ പഠനം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### ആമുഖം:

ഭാഷകൾ കേവലം ആശയവിനിമയത്തിനുള്ള ഉപാധികൾ മാത്രമല്ല,ഓരോ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും ഹൃദയത്തുടിപ്പുകളാണ് . അറിവിന്റെയും അവസരങ്ങളുടെയും പുതിയ ലോകങ്ങളിലേക്ക് അവ വാതായാനങ്ങൾ തുറക്കുന്നു. ഈ കാഴ്ചപ്പാടിൽ ,അപ്പർ പ്രൈമറി ക്ലാസുകളിലെ (5,6,7 ക്ലാസുകൾ )വിദ്യാർഥികൾക്ക് അറബി ഭാക്ഷാപഠനം ഒരു പുതിയഅനുഭവമാണ് നല്കുന്നത്.ലോകത്ത് ഏറ്റവുമധികം ആളുകൾ സംസാരിക്കുന്ന ഭാഷകളിലൊന്നും സമ്പന്നമായ സാംസ്കാരിക പൈതൃകവുമുള്ള അറബി,നമ്മുടെ കുട്ടികൾക്ക് ഭാവിയിൽ വലിയ സാധ്യതകളാണ് തുറന്നുതരുന്നത് .

കേവലം ഒരു പാഠ്യവിഷയത്തിനപ്പുറം , അറബി ഭാഷയെ എങ്ങനെ സജീവവും പ്രായോഗികവുമാക്കാം എന്ന് ഈ അക്കാദമിക്മാസ്റ്റർപ്ലാൻ വിശദീകരിക്കുന്നു . പഠനത്തെ ഒരു ഭാരമാക്കാതെ, കുട്ടികളുടെ സർഗാത്മകവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്ന ഒരു മാധ്യമമാക്കി ഇതിനെ മാറ്റാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നത് . നവീനമായ പഠനരീതികളിലൂടെയും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെയും അറബി ഭാഷാപഠനം കൂടുതൽ ലളിതവും രസകരവുമാക്കാം. ഭാഷയോടുള്ള അഭിരുചി വളർത്തുന്നതിനോടൊപ്പം , അറബി സംസ്കാരത്തെയും പാരമ്പര്യത്തെയും കുറിച്ച് ആഴത്തിൽ മനസിലാക്കാനും ഈ സമഗ്രമായ പദ്ധതി സഹായിക്കും . നമ്മുടെ കുട്ടികൾക്ക് അറബി ഭാഷയെ സ്നേഹിക്കാനും അവരുടെ ദൈനംദിന ജീവിതത്തിൽ അത് ഉപയോഗിക്കാനും ഈ മാസ്റ്റർ പ്ലാൻ വഴിയൊരുക്കും

### വിഷൻ (vision):

അറബി ഭാഷയെ കേവലം ഒരു വിഷയമായി കാണാതെ,വിദ്യാർത്ഥികളിൽ ഭാഷയോടുള്ള സ്നേഹവും താല്പര്യവും വളർത്തി, അതിന്റെ സാംസ്കാരികവും സാംസ്കാരികവും ആശയവിനിമയപരവുമായ പ്രാധാന്യം മനസ്സിലാക്കി അടിസ്ഥാനപരമായ ഭാഷാ ശേഷികൾ (കേൾക്കൽ , സംസാരം ,വായന, എഴുത്ത്) ആർജ്ജിക്കാൻ അവരെ പ്രാപ്തരാക്കുക .

### മിഷൻ (മിഷൻ):

നവീനമായ പഠനതന്ത്രങ്ങളിലൂടെയും സാങ്കേതിക വിദ്യയുടെ സഹായത്തോടെയും വിദ്യാർഥികൾക്ക് അറബി ഭാഷ ലളിതവും രസകരവുമാക്കുക , ദൈനംദിന ജീവിതത്തിൽ അറബിഭാഷ ഉപയോഗിക്കാനുള്ള സാഹചര്യങ്ങൾ

ഒരുക്കുകയും ഭാഷാപഠനം ഒരു മനോഹരമായ അനുഭവമാക്കി മാറ്റുകയും ചെയ്യുക.

## പ്രധാന ലക്ഷ്യങ്ങൾ (Key Objectives):

1. **ശബ്ദജ്ഞാനം (Phonetics):** അറബി അക്ഷരങ്ങളുടെ ശെരിയായ ഉച്ചാരണവും ശബ്ദവും തിരിച്ചറിയാനും ഉച്ചരിക്കാനും **പഠിപ്പിക്കുക** .

2. **പദസമ്പത്ത് വികസിപ്പിക്കൽ (Vocabulary Expansion):** അടിസ്ഥാനപരമായ അറബി വാക്കുകളും ശൈലികളും പരിചയപ്പെടുത്തുകയും അവ നിത്യജീവിതത്തിൽ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

3. **സംഭാഷണ ശേഷി (Conversational Skills):** ലളിതമായ അറബി വാക്യങ്ങളിൽ സംഭാഷണത്തിൽ ഏർപ്പെടാൻ വിദ്യാർഥികളെ പ്രാപ്തരാക്കുക.

4. **വായനാശേഷി (Reading Skills):** ലളിതമായ അറബി വാക്യങ്ങളും ചെറിയ ഖണ്ഡികകളും വായിച്ച് മനസിലാക്കാനുള്ള കഴിവ് വളർത്തുക.

5. **എഴുത്തുശേഷി (Writing Skills):** അറബി അക്ഷരങ്ങൾ ശെരിയായി എഴുതാനും ലളിതമായ വാക്കുകളും വാക്യങ്ങളും നിർമ്മിക്കാനും **പഠിപ്പിക്കുക**

6. **വ്യാകരണത്തിൻെറ അടിസ്ഥാനങ്ങൾ (Basic Grammar):** അറബി

   വ്യാകരണത്തിൻെറഅടിസ്ഥാന തത്വങ്ങൾ ലളിതമായി പരിചയപ്പെടുത്തുക.

7. **സാംസ്കാരിക അവബോധം (Cultural Awareness):** അറബി ഭാഷയുമായി ബന്ധപ്പെട്ട സംസ്കാരങ്ങളെയും പരമ്പര്യങ്ങളെയും കുറിച്ച് അവബോധം നൽകുക .

## ക്ലാസ് തലത്തിലുള്ള ലക്ഷ്യങ്ങൾ (Class-wise Objectives):

### ക്ലാസ് 5:

- അറബി അക്ഷരങ്ങൾ ശെരിയായി ഉച്ചരിക്കാനും എഴുതാനും പഠിക്കുക .
- ഒറ്റ അക്ഷരങ്ങളും ലളിതമായ രണ്ടോ മൂന്നോ അക്ഷരങ്ങളുള്ള വാക്കുകളും തിരിച്ചറിയുക
- അടിസ്ഥാനപരമായ അഭിവാദ്യങ്ങളും വ്യക്തിഗത വിവരങ്ങളും അറബിയിൽ പറയാൻ പഠിക്കുക.
- ചിത്രങ്ങൾ ഉപയോഗിച്ച് ലളിതമായ അറബി വാക്കുകൾ പഠിക്കുക .
- ചെറിയ പാട്ടുകളും ലളിതമായ സംഭാഷണങ്ങളും കേട്ട് മനസ്സിലാക്കാൻ ശ്രമിക്കുക.

### ക്ലാസ് 6:

- ചെറിയ അറബി വാക്യങ്ങൾ വായിച്ച് അർത്ഥം മനസ്സിലാക്കാൻ ശ്രമിക്കുക .
- അടിസ്ഥാനപരമായ വാക്കുകളുടെയും ശൈലികളുടെയും പദസമ്പത്ത് വർദ്ധിപ്പിക്കുക .
- ലളിതമായ ചോദ്യങ്ങൾക്ക് അറബിയിൽ മറുപടി പറയാനും ചോദ്യങ്ങൾ ചോദിക്കാനും പഠിക്കുക
- ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വാക്കുകളും വാക്യങ്ങളും പരിചയപ്പെടുത്തുക .(ഉദാഹരണത്തിന്, ഭക്ഷണം ,സ്കൂൾ ,കുടുംബം ).
- ചെറിയ ഖണ്ഡികകൾ വായിച്ച് പ്രധാന ആശയങ്ങൾ മനസിലാക്കുക .
- ലളിതമായ അറബി വാക്യങ്ങൾ സ്വയം എഴുതാൻ ശ്രമിക്കുക.

**ക്ലാസ് 7:**

- കൂടുതൽ സങ്കീർണനമായ അറബി വാക്യങ്ങളും ചെറിയ കഥകളും വായിച്ച് മനസിലാക്കുക .
- പദസമ്പത്ത് കൂടുതൽ വികസിപ്പിക്കുക .
- വിവിധ സാഹചര്യങ്ങളിൽ അറബിയിൽ സംഭാഷണത്തിൽ ഏർപ്പെടാൻ പരിശീലിക്കുക.
- അടിസ്ഥാനപരമായ വ്യാകരണ നിയമങ്ങൾ (ഉദാഹരണത്തിന്,ഏകവചനം/ബഹുവചനം , സ്ത്രീലിംഗം /പുല്ലിംഗം ) മനസ്സിലാക്കുക.
- ചെറിയ വിവരണങ്ങളും കുത്തുകളും അറബിയിൽ എഴുതാൻ ശ്രമിക്കുക.
- അറബി ഭാഷാ പാട്ടുകളും വീഡിയോകളും കൂടുതൽ മസ്സിലാക്കാൻ ശ്രമിക്കുക.

## <u>പഠനരീതികൾ (Pedagogical Approaches):</u>

1. സംവേദനാത്മക പഠനം **(Interactive Learning):**

ചോദ്യോത്തരങ്ങൾ ,സംഭാഷണങ്ങൾ ,റോൾ പ്ലേ എന്നിവയിലൂടെ ഭാഷാപഠനം സജീവമാക്കുക .

2. കളിയിലൂടെ പഠനം **(Play-way Method):**

ഗെയിമുകൾ, പസിലുകൾ ,പാട്ടുകൾ എന്നിവ ഉപയോഗിച്ച് അറബി ഭാഷ രസകരമാക്കുക .

**3.** ദൃശ്യ-ശ്രാവ്യ പഠനം **(Audio-Visual Aids):**

ചിത്രങ്ങൾ, വീഡിയോകൾ,ഓഡിയോ ക്ലിപ്പുകൾ എന്നിവ പരമാവധി ഉപയോഗപ്പെടുത്തുക .

4. കഥപറച്ചിൽ **(Storytelling):**

ലളിതമായ അറബി കഥകൾ പറഞ്ഞ് കേൾപ്പിക്കുകയും വായിപ്പിക്കുകയും ചെയ്യുക .

5. ഗ്രൂപ്പ് പ്രവർത്തനങ്ങൾ **(Group Activities):**

വിദ്യാർഥികളെ ഗ്രൂപ്പുകളായി തിരിച്ച് സംഭാഷണം, വായന ,എഴുത്ത് ,എന്നിവ പരിശീലിപ്പിക്കുക .

6. സാങ്കേതിക വിദ്യയുടെ ഉപയോഗം **(Technology Integration):**

അറബി ഭാഷാപഠനത്തിനുള്ള ആപ്ലിക്കേഷനുകൾ ,വെബ്സൈറ്റുകൾ ,ഓൺലൈൻ നിഘണ്ടുക്കൾ എന്നിവ പരിചയപ്പെടുത്തുക .

7. ആശയവിനിമയത്തിലൂന്നിയ പഠനം **(Communicative Approach):**

ഭാഷയെ ആശയവിനിമയത്തിനുള്ള ഉപാധിയായി കണ്ട്,സംഭാഷണ ശേഷിക്ക് പ്രാധാന്യം നൽകുക .

8. പദ്ധതി അധിഷ്ഠിത പഠനം **( Project-Based Learning):**

അറബി ഭാഷയുമായി ബന്ധപ്പെട്ട ചെറിയ പ്രോജക്ടുകൾ നൽകുക ( ഉദാഹരണത്തിന് ,അറബി പദസമ്പത്ത്ചാർട്ട് ഉണ്ടാക്കുക ,ഒരു ചെറിയ സംഭാഷണം അവതരിപ്പിക്കുക ).

## മൂല്യനിർണ്ണയം (Assessment):

- തുടർച്ചയായ മൂല്യനിർണ്ണയം **( Continuous Assessment):** ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ,പങ്കാളിത്തം,നോട്ട് ബുക്ക് പരിശോധന എന്നിവയുടെ നിരന്തരമായ വിലയിരുത്തൽ .
- ഫോർമേറ്റീവ് മൂല്യനിർണ്ണയം **(Formative Assessment):** ക്വിസുകൾ ,ചെറിയ ടെസ്റ്റുകൾ ,വാചിക പരീക്ഷകൾ എന്നിവയിലൂടെ പഠന പുരോഗതി വിലയിരുത്തുക .
- സമ്മേറ്റീവ് മൂല്യനിർണ്ണയം **(Summative Assessment):** വാർഷിക പരീക്ഷ കളിലൂടെയും പ്രധാന ടെസ്റ്റുകളിലൂടെയും അന്തിമ പഠന നേട്ടം വിലയിരുത്തുക .
- നാല് ഭാഷാശേഷികളുടെയും വിലയിരുത്തൽ : കേൾക്കൽ ,സംസാരം ,വായന ,എഴുത്ത് എന്നി ശേഷികൾക്ക് തുല്യ പ്രാധാന്യം നൽകി വിലയിരുത്തൽ നടത്തുക.

## അധ്യാപക പരിശീലനം (Teacher Training):

- അറബി ഭാഷാ പഠനത്തിലെ പുതിയ പ്രവണതകളെയും പഠനരീതികളെയും കുറിച്ച് അധ്യാപകർക്ക് നിരന്തരമായ പരിശീലനം നൽകുക .
- സാങ്കേതികവിദ്യ ഉപയോഗിച്ച് അറബി പഠിപ്പിക്കാനുള്ള കഴിവ് വികസിപ്പിക്കുക .
- ഭാഷാ പഠനത്തിലെ വെല്ലുവിളികൾ തിരിച്ചറിഞ്ഞ് അവയെ അഭിമുഖീകരിക്കാൻ അധ്യാപകരെ സജ്ജരാക്കുക .

## പഠനസാമഗ്രികൾ ( Learning Materials ) :

- പാഠപുസ്തകങ്ങൾ
- ഓഡിയോ-വിഷ്വൽ സാമഗ്രികൾ ( ചിത്രങ്ങൾ ,ഫ്ലാഷ് കാർഡുകൾ ,ഓഡിയോ ടേപ്പുകൾ ,വീഡിയോകൾ )
- ഡിജിറ്റൽ പഠന സഹായികൾ ( അറബിക് ആപ്പുകൾ ,വെബ്സൈറ്റുകൾ )
- അറബി കഥാപുസ്തകങ്ങൾ ( ലളിതമായവ )
- നിഘണ്ടുക്കൾ ( ഇംഗ്ലീഷ് -അറബിക് ,മലയാളം-അറബിക് )
- കളിപ്പാട്ടങ്ങളും ഗെയിമുകളും (അറബി അക്ഷരങ്ങൾ ,വാക്കുകൾ എന്നിവ ഉൾക്കൊള്ളുന്നത് ).

## പ്രവർത്തന കലണ്ടർ ( Activity Calendar):

- ആഴ്ചതോറും : സംഭാഷണ ക്ലാസ്സുകൾ, പദസമ്പത്ത് പഠനം, ലളിതമായ വായന എഴുത്ത് പരിശീലനം .
- മാസത്തിലൊരിക്കൽ :അറബി ഗാനം/കഥ അവതരണം ,ചെറിയ ക്വിസ് ,റോൾ പ്ലേ
- അധ്യായന വർഷത്തിൽ : അറബി :ഭാഷാ ദിനാചരണം ,അറബി കവിതാ പാരായണം / പ്രസംഗ മത്സരം ,അറബി ഭാഷാ പ്രദർശനം .

## പ്രതിബന്ധങ്ങളും പരിഹാരങ്ങളും ( Challenges and Solutions ) :

- വെല്ലുവിളി : വിദ്യാർഥികൾക്ക് അറബി ഭാഷയോടുള്ള താല്പര്യക്കുറവ് .
  - പരിഹാരം :രസകരമായ പഠനരീതികൾ ,കളിയിലൂടെ പഠനം, പ്രായോഗിക ഉപയോഗത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കൽ .
- വെല്ലുവിളി : പരിമിതമായ പഠന സാമഗ്രികൾ .
  - പരിഹാരം : ഡിജിറ്റൽ സാമഗ്രികൾ ഉപയോഗിക്കുക ,അധ്യാപകർക്ക് സ്വന്തമായി സാമഗ്രികൾ നിർമ്മിക്കാൻ പ്രോത്സാഹിപ്പിക്കുക .
- വെല്ലുവിളി : അധ്യാപകർക്ക് പുതിയ പഠനരീതികളെക്കുറിച്ചുള്ള അറിവില്ലായ്മ .
  - പരിഹാരം : നിരന്തരമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
- വെല്ലുവിളി : അറബി ഭാഷ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കാനുള്ള സഹചര്യങ്ങളുടെ അഭാവം .
  - പരിഹാരം : സ്കൂളിൽ അറബി ക്ലബ്ബുകൾ രൂപീകരിക്കുക . അറബി ഭാഷാ ദിനാചരണങ്ങൾ സംഘടിപ്പിക്കുക ,ലളിതമായ അറബി സംഭാവനകൾ ക്ലാസ്സിൽ പ്രോത്സാഹിപ്പിക്കുക .

| മേഖല : അക്കാദമികം | ഉപമേഖല : സാമൂഹ്യ ശാസ്ത്രം ക്ലാസ്സ് തലം | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| പഠനപ്രവർത്തനങ്ങൾ ലഘൂകരിക്കുന്നതിന് വേണ്ട TLM Meterial നിർമ്മാണം | s.s club ൻെറ നേതൃത്വത്തിൽ മാസത്തിൽ ഒരു ദിവസം TLM നിർമ്മാണ workshop നടത്തുന്നു . എല്ലാ ക്ലാസ്സിലും വേണ്ട ഒരു ഗ്ലോബിൻെറ മാതൃക നിർമ്മിച്ച് എല്ലാ ക്ലാസ്സിലും നൽകുന്നു . ജൂൺ മാസത്തിൽ എല്ലാ ക്ലാസ്സിലും ഗ്ലോബ് നിർമ്മാണം . Materials 500g sm,chart,കത്രിക ,സ്കെയിൽ ,കോമ്പസ് | ജൂൺ | Social Science Teachers.<br>Club members. | Social Science Teachers. |
| ഭക്ഷ്യമേള പ്രചാരണം ചെയ്യുക<br>ഭക്ഷ്യമേളയുടെ പ്രത്യേകതകൾ പ്രതിപാദിക്കുക | **<u>ഭക്ഷ്യമേള</u>**<br>കുട്ടികളുടെ പരിസരത്തുനിന്ന് ലഭിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ച് മുതിർന്നവരുടെ സഹായത്തോടെ ഭക്ഷണം തയ്യാറാക്കി ക്ലാസ്സിൽ കൊണ്ടുവരുന്നു . വിഭവങ്ങളുടെ വിവരണം പങ്കിട്ടുകഴിക്കൽ | ജൂൺ | S.S Teachers. | |
| | **Std 6**<br>പ്രാചീന ശിലായുഗം ,മധ്യകാല ശിലായുഗം ,നവീന ശിലായുഗം<br><u>Poster Making</u>.<br>(പോസ്റ്ററിൽ ആയുധങ്ങൾ ,വേഷവിധാനം ,ചക്രങ്ങളുടെ കണ്ടെത്തൽ etc )എന്നിവ ചെയ്യാൻ ആവശ്യപ്പെടുന്നു | ജൂലായ് | S.S Teachers.<br>S.S. Club | Teachers |

| | | | | |
|---|---|---|---|---|
| | **Std 7**<br>ഭക്തി സൂഫി പ്രസ്ഥാനത്തിൽ പങ്കെടുത്ത എല്ലാപേരുടെയും Digital Profile തയ്യാറാക്കുക . | ജൂലായ് | | |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവന്മാരാക്കുന്നു . | പ്രകൃതി താണ്ഡവം നേർക്കാഴ്ച<br>ഭൂകമ്പം ,സുനാമി ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ എർപ്പെടുന്നതിന് പഠിതാക്കളെ ബോധവന്മാരാക്കുകയും ചെയ്യുന്നു . | ഓഗസ്റ്റ് | S.S Teachers. | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കൽ | ICT സാധ്യത ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുകയും സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്യുന്നു | സെപ്റ്റംബർ | S.S Teachers | |
| സമൂഹത്തിൽ അവശത അനുഭവിക്കുന്നവരെയും നിരാലംബരേയും സഹായിക്കാനുള്ള മനോഭാവം വളർത്തുക | സ്കൂളിന് സമീപത്തുള്ള വയോജന മന്ദിരങ്ങൾ ,അനാഥാലയങ്ങൾ ,ദുരിതാശ്വാസ ക്യാമ്പുകൾ എന്നിവിദ്യങ്ങളിലേക്ക് പഴയതും വൃത്തിയുള്ളതുമായ വസ്ത്രങ്ങൾ ശേഖരിക്കുന്നു . | ഒക്ടോബർ | S.S Teachers | |
| ജനാധിപത്യ പരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു | നവമ്പർ | S.S Teachers | |

| മേഖല : അക്കാദമികം ഉപമേഖല : സയൻസ് ക്ലാസ്സ് തലം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | കാലം | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1)ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക് :** ഔഷധത്തോട്ടം ,പച്ചക്കറിത്തോട്ടം,ശാലഭോദ്യാനം ,കുളം,ജൈവവേലി ,മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ ,ഊർജ്ജ ക്ലബ്ബ് ,സയൻസ് ക്ലബ്ബ് ,ഹെൽത്ത് ക്ലബ്ബ് | പി. ടി. എ |
| | **കണ്ടറിയാനൊരു യാത്ര :** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ , ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം ,കാവുകൾ സന്ദർശനം . കണ്ടൽക്കാട് നിരീക്ഷണം ,പുഴയെ അറിയാൻ യാത്രകൾ . | ജൂലൈ | ശാസ്ത്രാധ്യാപകർ ,ഊർജ്ജ ക്ലബ്ബ് ,സയൻസ് ക്ലബ്ബ് ,ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു . പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു . | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ ,ഊർജ്ജ ക്ലബ്ബ് ,സയൻസ് ക്ലബ്ബ് ,ഹെൽത്ത് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| 2)ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക,ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈൻറ്റ്**<br><br>ഊർജ്ജ ക്ലബ്ബ് ,ആരോഗ്യ ക്ലബ്ബ് ,ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നല്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ ,ഊർജ്ജ ക്ലബ്ബ് ,സയൻസ് ക്ലബ്ബ് ,ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ - എക്സ്പ്ലോർ**<br><br>ആധുനിക ശാസ്ത്ര ലോകത്തിൻെറ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു<br>. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| | **ശാസ്ത്ര വിസ്മയ ചുമർ**<br><br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു . | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു .ശാസ്ത്ര ശിൽപ്പ ശാലകൾ സംഘടിപ്പിക്കുന്നു . | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | പി. ടി. എ സയൻസ് ക്ലബ്ബ് |
| | **യൂറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി നിർമ്മിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | വിസ്മയ യാത്ര<br><br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു . പുതിയ കണ്ടെത്തലുകൾ .ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവ ചരിത്ര ങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം . | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| മേഖല : അക്കാദമികം | ഉപമേഖല : ഗണിത ക്ലാസ്സ് തലം | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1) ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | 1) വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ<br>2) ഗണിത ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും, ഗണിത ക്ലബ്ബും | |
| 2) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | 1) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു<br>2) ഗണിത അധ്യാപകരും ഗണിതത്തിൽ മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് അവർക്കുവേണ്ട മാർഗ്ഗ നിർദേശങ്ങൾ നൽകുന്നു .<br>3) പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു . | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും ഗണിതത്തിൽ സമർത്ഥ രായ കുട്ടികളും | |
| 3) വിവിധ ശേഷികളുടെ വികസനം | 1) ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ S R G യിൽ ചർച്ച ചെയ്യുന്നു.<br>നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | S R G | |
| 4) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | 1) ഗണിത ശില്പ ശാല സംഘടിപ്പിക്കുന്നു<br>2) നമ്പർ കാർഡ് ,മഞ്ചാടിക്കുരു ,മുത്തുകൾ ,ഈർക്കിൽ തുടങ്ങിയവ ഉപയോഗിച്ച് കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 5) ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | 1) ജ്യാമിതീയ രൂപങ്ങൾ ,ചതുഷ് ക്രിയകൾ,ടാൻ ഗ്രാം ,ഒറിഗാമിതുടങ്ങിയ പ്രവർത്തനങ്ങൾ I T സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേയ്ക്ക് എളുപ്പത്തിൽ എത്തിക്കുന്നു | മാസത്തിൽ ഒന്ന് വീതം | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 6) പ്രായോഗിക പ്രശ്നങ്ങളിലൂടെ കുട്ടിയുടെ യുക്തി ചിന്ത വികസിക്കുന്നതിന് | 1) എല്ലാ കുട്ടികളും ക്ലാസിലെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഓരോ ചാപ്റ്ററിലേയും M C Q തയ്യാറാക്കുന്നു<br>2) ക്വിസ് മത്സരം സംഘടിപ്പിക്കുന്നു | ഒരു വർഷം | ഗണിത അധ്യാപകർ | |
| 7) സർഗാത്മകതയുടെ വളർച്ച ത്വരിതപ്പെടുത്തൽ | 1)ഗണിത ശാസ്ത്രജ്ഞന്മാരുടെ സംഭാവനകൾ,ജീവചരിത്രം എന്നിവയുടെ പ്രദർശനം.<br>2) ഗണിത മാഗസിൻ ,ഗണിത പസിൽ ശേഖരണം<br>3) ഗണിത നാടക അവതരണം<br>4) ഗണിത ഉപകരണങ്ങൾ പരിചയപ്പെടുത്തൽ | ഗണിതവുമായി ബന്ധപ്പെട്ട ദിനാചരണങ്ങളിൽ | ഗണിത ക്ലബ്ബ് | |
| 8 ) ഗണിതശാസ്ത്ര പഠനം രാസകരമാക്കലും ,കരചലന ശേഷികളുടെ വികാസവും | 1) Zumba Dance ന് അവസരം ഒരുക്കുന്നു<br>2) ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കാൻ പരിശീലനം നൽകുന്നു.<br>3) വിവിധ രൂപങ്ങൾ നിർമ്മിച്ച് അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുന്നു. | 10 മാസം | Craft അധ്യാപകർ<br>ഗണിത ക്ലബ്ബ് | |
| 9 ) നല്ല നാളേയ്ക്കായി തയ്യാറാക്കൽ | 1) Motivation ക്ലാസുകൾ<br>2) സെമിനാർ<br>3) നേതൃത്വപാടവ പരിശീലനം<br>4) കലാപ്രകടനങ്ങൾ | 10 മാസം | ഗണിത അധ്യാപകർ<br>ഗണിത ക്ലബ്ബ് | |

# ഉപസംഹാരം

ഇന്നത്തെ കുടുംബ പശ്ചാത്തലവും സാമ്പത്തിക ചുറ്റുപാടുകളും വിദ്യാർഥികളുടെ പ്രകടനശേഷിയും പ്രവർത്തന ശേഷിയും അപ്രസിദ്ധമാക്കുന്നതിന് കാരണമാകുന്നുണ്ട് . മനുഷ്യന് മനുഷ്യത്വ രഹിതനാക്കുന്ന മഹാ പ്രക്രിയയാണ് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്നത് . കൂടുതൽ വിദ്യാർഥികളെ പൊതുവിദ്യാലയങ്ങളിൽ എത്തിച്ച സമഗ്രവും ശാസ്ത്രീയവുമായ വിദ്യാഭ്യാസം നൽകാനുള്ള കർമ്മ പദ്ധതിയാണ് പൊതുവിദ്യാഭ്യാസയജ്ഞം പോലുള്ള പദ്ധതി കൊണ്ട് നടപ്പിലാക്കുന്നത്. ഇത്തരത്തിലുള്ളതാണ് നമ്മുടെ ഇത്തരം പഠനപ്രവർത്തന പാക്കേജും . നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിൻെറ പൈതൃകവും മാതൃത്വവും കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും വികസന രേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു .

നന്ദി